LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിലെ ബിവറേജസ് കോർപ്പറേഷൻ സ്റ്റാളുകളുടെ എണ്ണം

78(2330) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പുതുതായി തുടങ്ങിയ ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിൽ അനുവദിച്ച ഏതെങ്കിലും ഔട്ട്ലെറ്റ് തുറക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ വവ്വാക്കാവ്, നെടുമൺകാവ്, തെന്മല, കുന്നിക്കോട്, ഏരൂർ, മടത്തറ എന്നീ സ്ഥലങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ തുടങ്ങിയിട്ടുണ്ട്.

(ബി) ആനയടി, ചണ്ണപ്പേട്ട എന്നീ സ്ഥലങ്ങളിലെ ഔട്ട്ലെറ്റുകൾ ജീവനക്കാരുടെ അഭാവംമൂലം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി

79(2331) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരി വസ്തുക്കളുടെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരായ അവബോധം സൃഷ്ടിക്കുന്നതിനും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും നടപടിയെടുക്കുമോ ?

ഉത്തരം

ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരി വസ്തുക്കളുടെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

മദ്യ-മയക്കുമരുന്നുകൾക്കെതിരായ പ്രചാരണം

80(2332) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യം, മയക്കുമരുന്ന് മുതലായവയ്ക്കെതിരെ യുവജന-മഹിള സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രചാരണ പരിപാടി സംഘടിപ്പിക്കുമോ ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.